പുമതല. കൂടാതെ ചുവടെ കുറിക്കുന്ന കാര്യങ്ങൾക്ക് ആവശ്യമായ ഉപദേശം നൽകാവുന്നതാണ്.

1. പൊതു കെട്ടിടങ്ങൾ, ലൈബ്രറികൾ, വീടുകൾ മുതലായവയുടെ സ്ഥലം നിശ്ചയിക്കുന്നതു സംബന്ധിച്ച്.
2. വീടുവയ്ക്കുന്നതിന് സ്ഥലം അലോട്ടുചെയ്യുന്നതു സംബന്ധിച്ച്.
3. ഭവന നിർമ്മാണ ഗ്രാന്റ് നൽകുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്.
4. കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റു നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്.
5. ഹരിജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന മറ്റു പദ്ധതികളെപ്പറ്റി ഉപദേശം നൽകുന്നതിന്.

(സി) അതാതു ജില്ലകളിലെ പ്രധാനപ്പെട്ട സാമൂഹ്യ പ്രവർത്തകരെയാണ് ഉപദേശക സമിതി അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുന്നത്.

(ഡി) അതാതു ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എം.പി. മാരും എം.എൽ.എ. മാരും ഉപദേശക സമിതിയിലെ അംഗങ്ങളാണ്.

പോപ്പുലേഷൻ പ്രോജക്ട് പ്രോഗ്രാം

474 [840] ശ്രീ. കെ.കെ. തോമസ്:
,, ബെന്നി ബഹനാൻ:
,, പി.പി. തങ്കച്ചൻ:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോപ്പുലേഷൻ പ്രോജക്ട് പ്രോഗ്രാമനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ആരോഗ്യക്ഷേമ കേന്ദ്രങ്ങൾ നടത്തിവരുന്നു;

(ബി) ലോകബാങ്ക് ഈ പരിപാടിക്കായി ഓരോ ജില്ലയ്ക്കും അനുവദിച്ചിരിക്കുന്ന തുക എത്ര;

(സി) തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഏതെല്ലാം പരിപാടികളാണ് ഈ പ്രോഗ്രാമനുസരിച്ച് നടപ്പിലാക്കുന്നത്;

(ഡി) ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ.

(ബി) ലോകബാങ്ക് 47 കോടി രൂപാ ദാതക്കൾ തുകയായി അനുവദിച്ചിട്ടുണ്ട്. ഇത് ജില്ലതിരിച്ചല്ല അനുവദിച്ചിട്ടുള്ളത്. ഈ തുക ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് ആനുപാതികമായി വിനിയോഗിക്കുന്നതാണ്.

(സി) നാല് ജില്ലകളിലായി 568 സബ് സെന്ററുകളും, 78 ഡിസ്പെൻസറികളിലും, 31 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, 8 താലൂക്ക് ആശുപത്രികളിലും 10 ബെഡ്ഡുള്ള വാർഡും കാഷ്വറേഷൻ തിയേറ്ററും 135 ഹെൽത്ത് വിസിറ്റർ കോർട്ടേഴ്സുകളും, 78 ഡിസ്പെൻസറികളിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനും വേണ്ട കോർട്ടേഴ്സുകളും ഇതിന്റെ ഭാഗമായി പണിയും. കൂടാതെ 7 ട്രെയിനിംഗ് സെന്ററുകളും അതിനോടനുബന്ധിച്ച് ഹോസ്റ്റലുകളും കോർട്ടേഴ്സുകളും നിർമ്മിക്കും. കോഴിക്കോട് ഒരു എക്വിപ്മെന്റ് വർക്ക് ഷോപ്പ്, തൃശൂരിൽ ഒരു വെഹിക്കിൾ വർക്ക് ഷോപ്പ്, വാക്സിൻ സൂക്ഷിക്കുന്നതിനുള്ള കോൾഡ് റൂം, ഓഫ്സെറ്റ് പ്രസ് എന്നിവയും നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

78 ഡിസ്പെൻസറികളും സബ്സിഡിയറി ഹെൽത്ത് സെന്ററുകളായി ഉയർത്തി അവിടെ കൂടുതൽ സ്റ്റാഫ്, ഒരു വാഹനം, കൂടുതൽ ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ നൽകും. 21 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഫർണിച്ചറുകളും, ഉപകരണങ്ങളും ഇവ ലഭ്യമാക്കും. 10 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകളാക്കി ഉയർത്തി അവിടെ രണ്ട് ഡോക്ടർമാർ അടക്കം കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുകയും, ഒരു വാഹനം, കൂടുതൽ ഫർണിച്ചർ, ഉപകരണങ്ങളും ഇവ നൽകുകയും ചെയ്യും. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും ഓരോ 16 എം.എം. പ്രൊജക്ടറും ജനറേറ്ററും നൽകും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാനേജ്മെന്റ് ട്രെയിനിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കും. എല്ലാ താലൂക്ക് ആശുപത്രികൾക്കും ഓരോ ആംബുലൻസ് വാൻ നൽകിയിട്ടുണ്ട്. മാതൃ പർപ്പസ് വർക്കർമാരുടെ കുറവു നികത്താനായി സ്ത്രീകൾക്കായി മൂന്ന് സ്കൂളുകളും പുരുഷൻമാർക്ക് നാല് സ്കൂളുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഇൻസർവ്വീസ് ട്രെയിനിംഗ്, സ്പെഷ്യൽ ട്രെയിനിംഗ് ഇവ നൽകുന്നു. ജനപങ്കാളിത്തത്തോടുകൂടി അറിവ്, ആശയവിനിമയം, ബോധനം എന്നീ പ്രവർത്തനങ്ങളും നടപ്പാക്കും, 100 കുടുംബങ്ങൾക്ക് ഒന്ന് എന്ന തോതിൽ കുടുംബ വിദ്യാഭ്യാസ കേന്ദ്രങ്ങളും ആരംഭിക്കും. ഗവേഷണം, പ്രത്യേക പഠനങ്ങളും, പ്രോഗ്രാം വിലയിരുത്തൽ ഇവയ്ക്കു വേണ്ടി പ്രത്യേകം സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ലോകബാങ്കും ഇന്ത്യാ ഗവൺമെന്റും പ്രോജക്ടിന്റെ പ്രവർത്തനങ്ങളും കാലാകാലങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly